# *വാക്കുകൾ അർത്ഥവാളാകുമ്പോൾ ...*

**(പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു, *D.Sc.., Ph.D.*)**

***Temple Sagrada Familia***
തിരുക്കുടുംബപ്പള്ളി
തിരുശേഷിപ്പായ്
പുത്രദാന ബോൺസായ് –
ഗോഥിക് ശിൽപ്പസൌന്ദര്യം
ഗോപുരങ്ങളായ്
വാന നീലനിഴൽ തടയും –
വിശുദ്ധ കുടുംബമാം
മൈനർ ബസിലിക്കയുടെ
വിലാസം വീണ്ടും നോക്കി:
*ബാർസിലോണ, കേറ്റെലോണിയ, സ്പെയിൻ —*

ഉറക്കച്ചടവുത്തീർന്ന
വേനൽ പ്രഭാതച്ചാ(ച്ഛാ)യ
പിറുപ്പിറുത്തു:

(1) ബാർസിലോണാ —
നിന്നെ തടയുന്നത് സിലോൺ:
ദന്തവിഹാരം മറന്ന് മടങ്ങുക
ദന്തഗോപുരം പൂകുക.

(2) കേറ്റെലോണിയ —
പൂച്ച വീട്ടിൽ ഒറ്റയ്ക്കാണ്:
അവൾ
കാലിടയിലിഴഞ്ഞ്
കുതിച്ചുച്ചാടി
കഴുത്തിൽ കരംചുറ്റി
ചുണ്ടുകൾക്കു
ദാഹിക്കുകയാണ്.

(3) സ്പെയിൻ —
കാളപ്പോരിനെ മറക്കുക:

രക്തദാഹത്തിന്റെ
കോന്ത്രപ്പല്ലുകൾ
കഴുത്തിൽ ആഴ്ത്താൻ
ദാഹിക്കുന്ന ദുർഗ്ഗയേയും!
***********************************************